# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## പത്താം പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്
## (2010 നവംബർ 29 മുതൽ ഡിസംബർ 2വരെ)

# അറിയിപ്പ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പത്താമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2010 നവംബർ 29 മുതൽ ഡിസംബർ 2 വരെ തിരുവനന്തപുരം പട്ടം തിരുസന്നിധി മേജർ ആർച്ചുബിഷപ്സ് ഹൗസിലെ കൗൺസിൽ ഹാളിൽ മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ നടന്നു.

സുന്നഹദോസ് പിതാക്കന്മാരെല്ലാം - മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ (സുന്നഹദോസ് പ്രസിഡന്റ്), ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റോം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഏബ്രഹാം മാർ യൂലിയോസ്, ജോസഫ് മാർ തോമസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ യൗസേബിയൂസ്, ജേക്കബ് മാർ ബർണബാസ്, തോമസ് മാർ അന്തോണിയോസ്, സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ് - സന്നിഹിതരായിരുന്നു. തിരുവല്ലാ ഭദ്രാസനത്തിന്റെ വിരമിത മെത്രാപ്പോലീത്താ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി, തന്റെ അനാരോഗ്യം കാരണം സുന്നഹദോസിൽ സംബന്ധിച്ചില്ല. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാനും ചാൻസലറുമായ തോമസ് മാർ അന്തോണിയോസ് ഒ. ഐ. സി. സുന്നഹദോസ് നടപടികൾ രേഖപ്പെടുത്തി.

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ആദ്യസമ്മേളനം 2010 നവംബർ 29-ാം തീയതി രാവിലെ വി. കുർബാനയോടെ ആരംഭിച്ചു. പരിശുദ്ധ ബാവാ തിരുമേനിയുടെ നിർദ്ദേശപ്രകാരം പുത്തൂർ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി വി. കുർബാനയ്ക്ക് പ്രധാന കാർമികനായിരുന്നു. 11 മണിക്ക് ആരംഭിച്ച സുന്നഹദോസിന്റെ ആദ്യസെഷനിൽ പരിശുദ്ധ കാതോലിക്കാബാവാ ഉദ്ഘാടന പ്രഭാഷണം നടത്തി. 14 പിതാക്കന്മാരടങ്ങിയ പരി. സുന്നഹദോസിലേയ്ക്ക് പുതുതായി അഭിഷിക്തരായ 5 പിതാക്കന്മാരെ പരി. കാതോലിക്കാബാവാ പ്രത്യേകം സ്വാഗതം ചെയ്തു. പുതുതായി സ്ഥാപിതമായ പത്തനംതിട്ട, പുത്തൂർ ഭദ്രാസനങ്ങളിലേയ്ക്ക് മാറ്റിനിയമിക്കപ്പെട്ട അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം, ഗീവർഗീസ് മാർ ദിവന്നാസിയോസ് എന്നീ പിതാക്കന്മാരുടെ ശുശ്രൂഷയ്ക്ക് ദൈവകൃപ പ്രാർത്ഥിക്കുകയും ബത്തേരി, മാർത്താണ്ഡം ഭദ്രാസനങ്ങളുടെ ചുമതല ഏറ്റെടുത്ത അഭിവന്ദ്യരായ ജോസഫ് മാർ തോമസ്, വിൻസെന്റ് മാർ പൗലോസ് എന്നീ പിതാക്കന്മാർക്ക് പ്രത്യേകം ദൈവാനുഗ്രഹം ആശംസിക്കുകയും ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കായി പരിശുദ്ധ മാർപാപ്പ അമേരിക്കയിൽ സ്ഥാപിച്ച എക്സാർക്കേറ്റിന്റെ മെത്രാനായി സ്ഥാനാരോഹിതനായ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനിയിലൂടെ നമ്മുടെ സഭയ്ക്ക് കൈവന്നിരിക്കുന്ന ദൈവിക നടത്തിപ്പിനെയും സാർവത്രിക സഭയിൽ നമുക്ക് ലഭിച്ച അംഗീകാരത്തെയും പരിശുദ്ധ ബാവാതിരുമേനി പ്രത്യേകം എടുത്തുകാട്ടി. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായും മുഖ്യവികാരി ജനറാളായും നിയമിതനായ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിനും തിരുവല്ല അതിഭദ്രാസനത്തിന്റെ മുഖ്യവികാരി ജനറൽ സ്ഥാനവും കട്ടപ്പന അജപാലന മേഖലയുടെ പ്രത്യേക ചുമതലയും ഏറ്റെടുത്ത അഭിവന്ദ്യ ഫീലിപ്പോസ് മാർ സ്തേഫാനോസ് പിതാവിനും എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചു. കൂരിയ മെത്രാനായി നിയമിതനായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയെ പ്രത്യേകം സ്വാഗതം ചെയ്തു. മദ്ധ്യപൂർവദേശത്തെ കത്തോലിക്കാജീവിതത്തെ വിലയിരുത്തുന്നതിനുവേണ്ടി പരിശുദ്ധ പിതാവ് 2010 ഒക്ടോബറിൽ റോമിൽ വിളിച്ചുകൂട്ടിയ സുന്നഹദോസിൽ ഔദ്യോഗിക അംഗമായി പങ്കെടുത്ത അനുഭവവും പരി. ബാവാതിരുമേനി സുന്നഹദോസ് പിതാക്കന്മാരുമായി പങ്കുവയ്ക്കുകയും പരിശുദ്ധ മാർപാപ്പാ മലങ്കരസുറിയാനി കത്തോലിക്കാ സഭയ്ക്കായി നൽകിയ ആശീർവാദം സുന്നഹദോസ് പിതാക്കന്മാരെ അറിയിക്കുകയും ചെയ്തു.

സങ്കീർത്തനം 119:74-79 വരെയുള്ള വേദഭാഗം വായിച്ചുകൊണ്ട്, ദൈവത്തോട് സംസാരിക്കുന്ന ഭക്തന്റെ

സ്ഥാനത്ത് സഭയെ പ്രതിഷ്ഠിച്ച് ഈ ഭാഗം പുനർവായിക്കുമ്പോൾ നമ്മുടെ സഭയുടെ മേലുള്ള ദൈവീക നിയോഗം നമുക്ക് വ്യക്തമാകുന്നു എന്ന് പ. കാതോലിക്കാബാവാ തിരുമേനി പറഞ്ഞു. ദൈവത്തിൽ ആശ്രയിക്കുന്ന ഭക്തന്റെ ആനന്ദം, അവന്റെ പ്രത്യാശ, അവന്റെ ധ്യാനവിഷയം ഇവയെക്കുറിച്ച് സങ്കീർത്തകൻ സംസാരിക്കുന്നു. ഭക്തന്റെ സ്ഥാനത്ത് സഭയെ പ്രതിഷ്ഠിച്ച് നമുക്ക് ആത്മപരിശോധന നടത്തണം. സഭയായി നമ്മുടെ ആനന്ദം എന്താകുന്നു? നമ്മുടെ പ്രത്യാശ എന്താകുന്നു? നമ്മുടെ ധ്യാനവിഷയം (Concerns) എന്താകുന്നു? നമ്മുടെ ആത്മപരിശോധന ആത്മസമർപ്പണത്തിലേയ്ക്ക് നയിക്കണം. മിശിഹായുടെ മണവാട്ടിയായിരിക്കുന്ന സഭ ലോകത്തിന് നൽകേണ്ട ഉറപ്പ് 'ഇമ്മാനുവേൽ' അനുഭവമാണല്ലോ! ദൈവം കൂടെയുള്ളപ്പോൾ നമ്മുടെ ആനന്ദത്തിന് വ്യത്യാസം വരില്ലേ? നാം ദൈവസാന്നിദ്ധ്യത്തിൽ വ്യാപരിക്കുമ്പോൾ നമ്മുടെ പ്രത്യാശയ്ക്ക് ഉറപ്പില്ലേ? ദൈവം കൂടെ വസിക്കുമ്പോൾ നമ്മുടെ ധ്യാനവിഷയത്തിന് അടിസ്ഥാനപരമായി വ്യത്യാസം ഉണ്ടാകില്ലേ? സഭ മിശിഹായുടെ ലോകത്തിലെ സാന്നിദ്ധ്യമായതിനാൽ ഈ ദിശയിലേയ്ക്ക് സഭയെ നമുക്ക് ശക്തിപ്പെടുത്താം.

നാളിതുവരെ പരിശുദ്ധ സിംഹാസനത്തോട് നമ്മുടെ സഭ ആവശ്യപ്പെട്ടിട്ടുള്ള ഒരു കാനോനിക സംവിധാനവും നിരസിക്കപ്പെട്ടിട്ടില്ല എന്നത് ഈ സഭയുടെ മേൽ തിരുസിംഹാസനത്തിലൂടെ ദൈവം ചൊരിയുന്ന കൃപയായി നാം മനസിലാക്കണമെന്ന് കാതോലിക്കാബാവാ ഓർമിപ്പിച്ചു. ഒരാത്മീയ നേതൃത്വമായി നില കൊണ്ട് ഭൗതീകമായ ക്രമീകരണങ്ങൾക്കപ്പുറത്തുള്ള ഒരാത്മീയ സംവിധാനത്തിലേയ്ക്ക് സഭയെ നയിക്കുവാൻ ഈ പരിശുദ്ധ സുന്നഹദോസിന്റെ വിചിന്തനങ്ങൾ പ്രാപ്തമാകട്ടെയെന്ന് പരിശുദ്ധ ബാവാ തിരുമേനി ആശംസിച്ചു. പുനസമർപ്പണത്തിനുള്ള ആഹ്വാനത്തോടെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പത്താം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പരി. കാതോലിക്കാബാവാ ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

2010-ലെ കാതോലിക്കാദിനത്തിൽ വിവിധ ഭദ്രാസനങ്ങളിൽ നിന്ന് ലഭിച്ച സ്തോത്ര കാഴ്ച ഭദ്രാസന മെത്രാപ്പോലീത്താമാർ പരിശുദ്ധ കാതോലിക്കാബാവായ്ക്ക് സമർപ്പിച്ചു.

2009 ഒക്ടോബറിൽ 20 മുതൽ 23 വരെ നടന്ന 9-ാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ റിപ്പോർട്ടും, തീരുമാനങ്ങളും, 2009 ഡിസംബർ 11-ാം തീയതി മെത്രാന്മാരുടെ തെരഞ്ഞെടുപ്പിനായി നടന്ന അസാധാരണ സുന്നഹദോസിന്റെ റിപ്പോർട്ടും വായിക്കുകയും പാസാക്കുകയും ചെയ്തു. തുടർന്ന്, പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ്രസിഡന്റ്, പരിശുദ്ധ കാതോലിക്കാബാവാ സുന്നഹദോസിന്റെ വിഷയാനുക്രമണിക അവതരിപ്പിക്കുകയും ചിലവിഷയങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് അത് പാസാക്കുകയും ചെയ്തു.

**1. സുന്നഹദോസ് സെക്രട്ടറിയുടെ തെരഞ്ഞെടുപ്പ്**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി സ്ഥാനത്ത് അഞ്ചുവർഷത്തെ കാലാവധി പൂർത്തിയാക്കിയ അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയെ വീണ്ടും തൽസ്ഥാനത്തേയ്ക്ക് പരി. സുന്നഹദോസ് ഏകകണ്ഠ്യേന തെരഞ്ഞെടുത്തു.

**2. സഭയുടെ പ്രത്യേക കാനോന സംഹിത**

മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക കാനോന സംഹിതയുടെ ക്രോഡീകരണം പൂർത്തീകരിച്ച് CCEO 111§ 3 പ്രകാരം നടപടി എടുത്തിരിക്കുകയാണ്. തുടർ നടപടികൾ പൂർത്തീകരിച്ച് ഇവ പ്രാബല്യപ്പെടുത്തുന്നതാണ്.

**3. *ആദ്‌ല്‌മിന* സന്ദർശനം**

പരി. കാതോലിക്കാബാവായോടൊപ്പം എല്ലാ മേലദ്ധ്യക്ഷന്മാരും ഒരുമിച്ച് റോമിൽ വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ കബറിടത്തിലേയ്ക്കുള്ളതീർത്ഥാടനവും വി. പത്രോസിന്റെ പിൻഗാമിയായ പരി. മാർപാപ്പായെ സന്ദർശിച്ച് അനുഗ്രഹീതരാകുവാനും സഭാകൂട്ടായ്മ ബലപ്പെടുത്താനുമുള്ള അഞ്ചുവർഷത്തിലൊരിക്കൽ നടത്തുന്ന *ആദ് ല്‌മിന* സന്ദർശനത്തിനായി പരിശുദ്ധ സിംഹാസനത്തിന്റെ ക്ഷണം ലഭിച്ചിട്ടുണ്ട്. 2011 മാർച്ച് 21-ാം തീയതി മുതലായിരിക്കും ഈ സന്ദർശനം. ഈ അവസരത്തിൽ തിരുസിംഹാസനത്തിൽ സമർപ്പിക്കേണ്ട പഞ്ചവത്സര സ്ഥിതിവിവര റിപ്പോർട്ട് ബന്ധപ്പെട്ട മേലദ്ധ്യക്ഷന്മാർ ഡിസംബർ 15-ാം

തീയതിക്കുമുമ്പായി മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ എത്തിക്കേണ്ടതാണ്.

**4. സിനഡൽ കമ്മീഷനുകളുടെ പുനഃക്രമീകരണം**

അഞ്ചുവർഷത്തെ കാലാവധി പൂർത്തീകരിക്കുന്ന സിനഡൽ കമ്മീഷനുകൾ പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റി ചർച്ചചെയ്തു. തദവസരത്തിൽ കമ്മീഷനകളുടെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനങ്ങൾ പരി. സുന്നഹദോസ് വിലയിരുത്തി. കമ്മീഷനുകൾ പുതുതായി രൂപീകരിക്കുമ്പോൾ അവയുടെ നേതൃതലത്തിൽ സമഗ്രമായ പുനഃസംഘടന നല്ലതാണെന്നും സുന്നഹദോസ് വിലയിരുത്തി.

സിനഡൽ കമ്മീഷനുകളുടെ പുതിയ ചെയർമാന്മാരായി താഴെപ്പറയുന്ന മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുത്തു.

1. ആരാധനക്രമം - ആർച്ചുബിഷപ്പ് മോസ്റ്റ് റവ. തോമസ് മാർ കൂറിലോസ്
2. ബൈബിൾ പ്രേഷിതത്വം - മോസ്റ്റ് റവ. സാമുവേൽ മാർ ഐറേനിയോസ്
3. പ്രേഷിത പ്രവർത്തനം, ക്യാമ്പസ് മിനിസ്ട്രി - മോസ്റ്റ് റവ. ജേക്കബ് മാർ ബർണബാസ്
4. ഭാരതത്തിനുപുറത്ത് വസിക്കുന്ന വിശ്വാസികളുടെ അജപാലനം - മോസ്റ്റ് റവ. തോമസ് മാർ യൗസേബിയൂസ്
5. ദൈവശാസ്ത്രവും പ്രസിദ്ധീകരണവും - മോസ്റ്റ് റവ. ഏബ്രഹാം മാർ ജൂലിയോസ്
   മോസ്റ്റ് റവ. തോമസ് മാർ യൗസേബിയൂസ് (വൈസ് ചെയർമാൻ)
6. എക്യുമെനിസവും സംവാദവും -മോസ്റ്റ് റവ. ഫീലിപ്പോസ് മാർ സ്തേഫാനോസ്
7. വൈദികർ - മോസ്റ്റ് റവ. ഗീവർഗീസ് മാർ ദിവന്നാസിയോസ്
8. സന്യസ്തർ - മോസ്റ്റ് റവ. ഗീവർഗീസ് മാർ ദിവന്നാസിയോസ്
9. അല്മാർ - മോസ്റ്റ് റവ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
10. യുവജനങ്ങൾ - മോസ്റ്റ് റവ. വിൻസെന്റ് മാർ പൗലോസ്
11. കുടുംബം - മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റം
12. വിശ്വാസ പരിശീലനം - മോസ്റ്റ് റവ. ഫീലിപ്പോസ് മാർ സ്തേഫാനോസ്
13. ദൈവവിളി - മോസ്റ്റ് റവ. ഏബ്രഹാം മാർ യൂലിയോസ്
14. വൈദിക പരിശീലനം - മോസ്റ്റ് റവ. ഏബ്രഹാം മാർ യൂലിയോസ്
15. വിദ്യാഭ്യാസം - മോസ്റ്റ് റവ. ജോസഫ് മാർ തോമസ്
16. സാമൂഹ്യ സേവനവും ശുശ്രൂഷയും ദളിത് ക്രൈസ്തവരും - മോസ്റ്റ് റവ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
17. ആതുര ശുശ്രൂഷ - മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റം
18. സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ, പബ്ലിക് റിലേഷൻസ് -മോസ്റ്റ് റവ. സാമുവേൽ മാർ ഐറേനിയോസ്

സഭയിലെ പൊതു ആഘോഷങ്ങളുടെ സംഘാടകചുമതല - കൂരിയാ മെത്രാൻ മോസ്റ്റ് റവ. തോമസ് മാർ അന്തോണിയോസ്

താഴെപ്പറയുന്നവരെ വിവിധ സിനഡൽ കമ്മീഷനുകളുടെ സെക്രട്ടറിമാരായി നാമനിർദ്ദേശം ചെയ്തു. അവരുടെയും അവരുടെ മേജർ സുപ്പീരിയേഴ്സിന്റെയും സമ്മതത്തോടെ തൽസ്ഥാനത്തേയ്ക്ക് അവരെ നിയമിക്കുന്നതാണ്.

1. ആരാധനക്രമം - റവ. ഡോ. ഫാ. ഐസക്ക് പറപ്പള്ളിൽ
2. ബൈബിൾ പ്രേഷിതത്വം - റവ. ഡോ. ഫാ. ദേവദാസ് തെങ്ങുവിള
3. പ്രേഷിത പ്രവർത്തനം - റവ. ഡോ. സി. നമിത എസ്. ഐ.സി.
4. ഭാരതത്തിനുപുറത്ത് വസിക്കുന്ന വിശ്വാസികളുടെ അജപാലനം - റവ. ഡോ. ഫാ. സജി മുക്കൂട്ടുമ

ണ്ണിൽ

5. ദൈവശാസ്ത്രം - റവ. ഡോ. ഫാ. ചെറിയാൻ കോട്ടയിൽ,
   പ്രസിദ്ധീകരണം -റവ. ഡോ. ഫാ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി.
6. എക്യുമെനിസവും സംവാദവും -റവ. ഡോ. ഫാ. വർഗീസ് മഠത്തിക്കുന്നത്ത്
7. സന്യസ്തർ - റവ. ഫാ. തോമസ് സജീവ് തെക്കെചരുവിൽ ഒ.ഐ.സി.
8. അല്മാർ - പ്രൊഫ. ഡോ. തോമസ്ക്കുട്ടി പനച്ചയ്ക്കൽ
9. യുവജനങ്ങൾ - റവ. ഫാ. തോമസ് കയ്യാലയ്ക്കൽ
10. കുടുംബം - മോൺ. ചാക്കോ തടത്തിൽ
11. വിശ്വാസ പരിശീലനം - റവ. ഡോ. ഫാ. തോമസ് കാഞ്ഞിരമുകളിൽ
    പാഠപുസ്തക പ്രസിദ്ധീകരണം - മോൺ ഡോ. ആന്റണി കാക്കനാട്ട്
12. ദൈവവിളി - റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ, റവ. ഡോ. മദർ ആർദ്ര എസ്.ഐ.സി.
13. വൈദിക പരിശീലനം - റവ. ഡോ. ഫാ. ജോൺ കൊച്ചുതുണ്ടിൽ
14. വിദ്യാഭ്യാസം - പ്രൊഫ. ഡോ. തോമസുകുട്ടി കൈമലയിൽ
15. സാമൂഹ്യശുശ്രൂഷയും ദളിത് ക്രൈസ്തവരും - റവ. ഫാ. വർഗീസ് മറ്റമന
16. ആതുര സേവനം - റവ. സി. ലില്ലി തോമസ് ഡി.എം.
17. സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ, പബ്ലിക് റിലേഷൻസ് -പ്രൊഫ. ഡോ. എബ്രഹാം ജോസഫ്

സഭയുടെ പൊതു ആരാധനാ-ആഘോഷങ്ങളുടെ Master of Ceremony - റവ. ഡോ. ഫാ. കുരിയാക്കോസ് തടത്തിൽ

സിനഡൽ കമ്മീഷനുകളുടെ പൊതു ഏകോപന പ്രവർത്തനങ്ങൾ പരിശുദ്ധ കാതോലിക്കാബാവാ നിർവഹിക്കുന്നതാണ്.

**5. കൂരിയാ മെത്രാന്റെ അവകാശങ്ങളും കടമകളും**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാന്റെ അവകാശങ്ങളും കടമകളും സംബന്ധിച്ച് കൂടുതൽ പഠനത്തിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, അഭിവന്ദ്യ ജോസഫ് മാർ തോമസ് എന്നീ പിതാക്കന്മാരടങ്ങുന്ന ഒരു സമിതിയെ ചുമതപ്പെടുത്തി. ഈ കമ്മിറ്റി പരി. സുന്നഹദോസിന്റെ അടുത്ത സമ്മേളനത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**6. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ പ്രവർത്തനങ്ങൾ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ പ്രവർത്തനങ്ങളിൽ നമുക്ക് തനതായ ഒരു സംവിധാനമാണ് രൂപീകരിക്കേണ്ടതെന്ന് പരി. എപ്പിസക്കോപ്പൽ സുന്നഹദോസ് അഭിപ്രായപ്പെട്ടു. അതിലൂടെ നമ്മുടെ പാരമ്പര്യങ്ങൾക്കനുയോജ്യമായതും അപ്പസ്തോല പ്രവർത്തനങ്ങളുടെ കാര്യക്ഷമതയ്ക്ക് സഹായകവുമായ ഒരു സംവിധാനത്തിനാണ് പ്രാധാന്യം നൽകേണ്ടത്. സഭയുടെ പൊതു ദർശനത്തോടൊപ്പം ഭദ്രാസനങ്ങളുടെയും എക്സാർക്കേറ്റിനേയും ഭദ്രാസനേതര പ്രദേശങ്ങളിലെയും സഭാജീവിതം ശക്തിപ്പെടുത്തുന്ന തരത്തിലായിരിക്കണം കൂരിയായുടെ പ്രവർത്തനങ്ങൾ.

വർഷത്തിൽ രണ്ടു സാധാരണ സമ്മേളനങ്ങളുള്ള പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ രണ്ടാം സമ്മേളനത്തിൽ വിവിധ സിനഡൽ കമ്മീഷനുകളോടും മേജർ സുപ്പീരിയേഴ്സിനോടും ആലോചനകൾ തേടുവാനുള്ള ഒരവസരമാക്കി കൂടുതൽ പങ്കാളിത്വസ്വഭാവത്തോടെ നടത്തണമെന്ന് അഭിപ്രായപ്പെട്ടു.

**7. പൊതു ആഘോഷങ്ങളുടെ വിലയിരുത്തൽ**

**മാർ ഈവാനിയോസ് ദിനം:** ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഈ വർഷത്തെ ഓർമ്മപ്പെരുന്നാളും പദയാത്രയും കൂടുതൽ ദൈവാനുഗ്രഹപ്രദമായിരുന്നുവെന്ന് പരി. സുന്നഹദോസ് പൊതുവെ

വിലയിരുത്തി. മാർത്താണ്ഡം ഭദ്രാസനത്തിലെ പദയാത്ര ആരംഭിക്കുന്നത് എല്ലാവർഷവും കന്യാകുമാരിയിൽ നിന്നായിരിക്കുമെന്ന് ഭദ്രാസനാദ്ധ്യക്ഷൻ അറിയിച്ചു. പെരുന്നാട്ടിൽ നിന്ന് ആരംഭിക്കുന്ന പദയാത്ര പ്രാർത്ഥനാപൂർവം ആരംഭിക്കുന്നതിന് പദയാത്രികർ അവിടെ മുൻകൂട്ടി എത്തിച്ചേർന്ന് താമസിച്ച് ഒരുങ്ങുന്നതിനുള്ള സൗകര്യം ചെയ്യാമെന്ന പത്തനംതിട്ട ഭദ്രാസനത്തിന്റെ നിർദ്ദേശത്തെ പരി. സുന്നഹദോസ് സ്വാഗതം ചെയ്തു.

**മെത്രാഭിഷേക ശുശ്രൂഷകൾ:** 2010 മാർച്ച് 13-ാം തീയതി നടത്തിയ മെത്രാഭിഷേക ശുശ്രൂഷകൾ ഭക്തിനിർഭരവും ദൈവാനുഭവപ്രദവുമായിരുന്നു എന്ന പൊതു അഭിപ്രായം പരി. സുന്നഹദോസ് പിതാക്കന്മാർ സസന്തോഷം സ്വീകരിച്ചു. ഇതിനായി പരിശ്രമിച്ച എല്ലാവരെയും, വിശിഷ്യാ പരി. ബാവാതിരുമേനിയെ, സുന്നഹദോസ് അംഗങ്ങൾ പ്രത്യേകം അഭിനന്ദിച്ചു.

2010 സെപ്തബർ 21-ാം തീയതി പുനരൈക്യവാർഷികാഘോഷങ്ങളോടനുബന്ധിച്ച് നടന്ന മെത്രാഭിഷേക ശുശ്രൂഷ ലളിതവും ഭക്തിനിർഭരവുമായിരുന്നതിൽ എല്ലാവരും സന്തോഷം പ്രകടിപ്പിച്ചു.

**പുനരൈക്യ വാർഷികാഘോഷം:** പുനരൈക്യ പ്രസ്ഥാനത്തിന്റെ 80-ാം വാർഷികം തിരുവനന്തപുരത്ത് വച്ച് നടത്തിയത് അനുഗ്രഹപ്രദമായിരുന്നു. ലളിതവും അർത്ഥഗംഭീരവുമായ ആഘോഷപരിപാടികൾ തലസ്ഥാനനഗരിയിലെ സഭാസാന്നിദ്ധ്യത്തിന്റെ സജീവ സാക്ഷ്യമായിരുന്നു.

**8. കാതോലിക്കേറ്റ് കേന്ദ്രത്തിന്റെ നിർമ്മാണം**

മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ വരവ്-ചെലവ് കണക്കുകളും, കാതോലിക്കേറ്റ് കേന്ദ്രത്തിന്റെ നിർമ്മിതിയുടെ വരവ്-ചെലവ് കണക്കുകളും കൂരിയായുടെ ഫിനാൻസ് ഓഫീസർ പെരിയ ബഹു. ജോസ് കിഴക്കേടത്ത് അച്ചൻ പരി. സുന്നഹദോസിൽ അവതരിപ്പിച്ചു. പ്രസ്തുത കണക്കുകൾ പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ചു. കാതോലിക്കേറ്റ് കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ പണം കണ്ടുപിടിക്കാനുള്ള മാർഗങ്ങൾ പരി. സുന്നഹദോസ് ചർച്ചചെയ്തു.

**9. കെ.സി.ബി.സി. തീരുമാനങ്ങളുടെ സ്വീകരണം**

തിരുന്നാളുകൾ, ആഘോഷങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള കേരളാ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ തീരുമാനങ്ങൾ മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ നടപ്പാക്കുന്നതിക്കുറിച്ച് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ചർച്ചചെയ്തു. അപ്രകാരമുള്ള തീരുമാനങ്ങൾ ഭദ്രാസനാദ്ധ്യക്ഷന്മാർ, സർക്കുലർവഴി അറിയിക്കേണ്ടതും പ്രാബല്യപ്പെടുത്തേണ്ടതുമാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭാ ഭദ്രാസനങ്ങൾക്ക് പുറത്ത് സീറോ മലബാർ, ലത്തീൻ എന്നീ സഭകളുടെ ഇടവകകളിൽ എന്തെങ്കിലും ശുശ്രൂഷയ്ക്കായി പോകുമ്പോൾ അഭിവന്ദ്യ പിതാക്കന്മാർ ബന്ധപ്പെട്ട രൂപതാ കൂരിയായിൽ അറിയിപ്പ് നൽകുന്നത് നല്ലതാണ്.

ഞായറാഴ്ച ദിവസങ്ങളിലെ വിവാഹ ആഘോഷം വി. കുർബാനയെയും മറ്റു ശുശ്രൂഷകളെയും വിശ്വാസപരിശീലനത്തെയും തടസപ്പെടുത്തുവാൻ പാടില്ലായെന്ന് സുന്നഹദോസ് പ്രത്യേകം നിർദ്ദേശിച്ചു. നമ്മുടെ പിതാക്കന്മാർക്ക് നമ്മുടെ ഏതു ഭദ്രാസനങ്ങളിലെ പള്ളികളിലും വി. കുർബാന അർപ്പിക്കുന്നതിനും വിവാഹം ആശീർവദിക്കുന്നതിനും ബഹു. വികാരിയച്ചന്മാരുടെ ഔദ്യോഗിക ക്ഷണം മതിയാകും. ഭദ്രാസനമെത്രാന്റെ അധികാരഅവകാശത്തിൽ നിക്ഷിപ്തമായിരിക്കുന്ന കൂദാശകളും ആശീർവാദങ്ങളും നടത്താൻ ക്ഷണിക്കപ്പെട്ടാൽ അത് ഭദ്രാസനാദ്ധ്യക്ഷന്റെ അറിവോടെ നിർവഹിക്കേണ്ടതാണ്.

**10. വൈദിക പട്ടാഭിഷേകം**

നമ്മുടെ സഭയിൽ വൈദിക പട്ടാഭിഷേകം പൊതുവേ ഉയിർപ്പുതിരുന്നാളിനുശേഷമായിരിക്കും നടത്തുക. പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഈ വർഷത്തെ വൈദികപട്ടാഭിഷേകത്തിന്റെ തീയതി ഓരോ ഭദ്രാസനത്തിനും നിശ്ചയിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

**11. മലങ്കര മേജർ സെമിനാരി, വൈദിക പരിശീലനം**

നമ്മുടെ വൈദിക സെമിനാരിയിലെ അന്തരീക്ഷം അജപാലന പരിശീലനത്തിനും ബൗദ്ധികപരിശീലനത്തിനും ഉപയുക്തമായി പുരോഗമിക്കുന്നതിൽ പരി. സുന്നഹദോസ് സംതൃപ്തി രേഖപ്പെടുത്തി. വൈദിക

വിദ്യാർത്ഥികളുടെ രൂപീകരണം, ശിക്ഷണം, അദ്ധ്യയനം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതാണെന്ന് സുന്നഹദോസ് അഭിപ്രായപ്പെട്ടു. കൂടുതൽ ആദ്ധ്യാത്മിക ഗുരുക്കന്മാരുടെ സേവനം സംലഭ്യമാക്കാൻ തീരുമാനിച്ചു.

മൈനർ സെമിനാരി പരിശീലനം കൂടുതൽ ഫലപ്രദമാക്കാനുള്ള മാർഗങ്ങൾ ആരായുന്നതിന് അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി, അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി, അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി എന്നിവരടങ്ങിയ സംഘത്തെ ചുമതലപ്പെടുത്തി. സഭയിലെ മൈനർ സെമിനാരികളിലെ നാലാം വർഷ വൈദിക വിദ്യാർത്ഥികൾക്കായി ഒരു പൊതുപരിശീലന പദ്ധതി നടപ്പിലാക്കാനുള്ള മാർഗനിർദ്ദേശങ്ങൾ സമർപ്പിക്കാൻ പ്രസ്തുത സംഘത്തോട് ആവശ്യപ്പെട്ടു.

നമ്മുടെ സഭയിൽ നിന്ന് റോമിലും മറ്റു വിദേശ രാജ്യങ്ങളിലും പഠിക്കുന്ന സെമിനാരിക്കാരുടെ പരിശീലന പരിപാടികൾ വിലയിരുത്തി. വൈദിക പരിശീലനത്തിനുശേഷം ആരാധനാക്രമത്തിലുള്ള ഉചിതമായ പരിശീലനം നമ്മുടെ നാട്ടിൽ നൽകണമെന്നും തുടർന്ന് വൈദികപട്ടം നാട്ടിൽവച്ച് നൽകാമെന്നും അജപാലന ശുശ്രൂഷയ്ക്ക് നിയോഗിക്കാമെന്നും തീരുമാനിച്ചു.

വിദേശത്തു പഠിക്കുന്ന ബഹു. വൈദികരിൽ നിന്ന് വർഷാവസാനം രൂപതാദ്ധ്യക്ഷന്മാർ രേഖാമൂലമായ വാർഷിക വിലയിരുത്തൽ തേടേണ്ടതാണ്.

**12. സ്ഥിര ശെമ്മാശന്മാർ** (Permanent Deacons)

സ്ഥിര ശെമ്മാശന്മാരുടെ പരിശീലനത്തിനുള്ള പാഠ്യപദ്ധതി തയ്യാറാക്കിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അദ്ധ്യയനം ആരംഭിക്കുവാൻ സാധിച്ചില്ല. കാനൻ നിയമം അനുശാസിക്കുന്ന പ്രകാരം സെമിനാരിയിൽ വന്നുതാമസിച്ച് ഈ പരിശീലനം പൂർത്തിയാക്കുന്നതിൽ കുടുംബസ്ഥരായ അർത്ഥികൾക്ക് സാങ്കേതിക തടസങ്ങളുണ്ട്. ബാഹ്യകേരളത്തിലുള്ളവർക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ പ്രസ്തുത പരിശീലനം നടത്തുവാനുള്ള ക്രമീകരണം ചെയ്യാവുന്നതാണ്. ശെമ്മാശന്മാർക്ക് നേതൃത്വം നൽകാൻ സാധിക്കുന്ന ആരാധനാശുശ്രൂഷകളിലും യാമപ്രാർത്ഥനകളിലും അവർ പ്രാവീണ്യം നേടേണ്ടതുള്ളതുകൊണ്ട് അതിന് സെമിനാരിയിൽ താമസിച്ചുള്ള പരിശീലനവും പ്രത്യേകം നൽകേണ്ടതാണ്.

ഓരോ ഭദ്രാസനത്തിന്റെയും ആവശ്യമനുസരിച്ചാണ് സ്ഥിരശെമ്മാശന്മാരുടെ എണ്ണം ഭദ്രാസനാദ്ധ്യക്ഷൻ തീരുമാനിക്കേണ്ടത്. അപേക്ഷകർക്ക് ഈ ശുശ്രൂഷയെക്കുറിച്ച് വേണ്ടത്ര അറിവും പരിശീലന പദ്ധതിയുടെ സ്വഭാവവും വിശദാംശങ്ങളും ഈ ശുശ്രൂഷയ്ക്കുവേണ്ടിയുള്ള യോഗ്യത എന്നിവയും വിശദമാക്കുന്ന ഒരു പ്രോസ്പക്ടസ് തയ്യാറാക്കി നൽകേണ്ടതാണ്. പരിശീലനത്തിനുശേഷം സെമിനാരി റെക്ടറോ ബന്ധപ്പെട്ട അധികാരിയോ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് ശെമ്മാശപ്പട്ടം നൽകുന്നതിന് നിർണായകമായിരിക്കും. ശെമ്മാശപ്പട്ടം നൽകുന്നതിനുമുമ്പായി പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങളിലായി ചെറുപട്ടങ്ങൾ നൽകുന്നതാണ്. ഈ ശുശ്രൂഷ പൂർണമായും വോളണ്ടറി ആയതിനാൽ പ്രത്യേക വേതനം ശുശ്രൂഷകർക്ക് നൽകുന്നതല്ല. പരിശീലന കാലത്ത് താമസത്തിനും ഭക്ഷണത്തിനും അദ്ധ്യയനത്തിനും വേണ്ടി വരുന്ന സാമ്പത്തിക ചെലവ് അർത്ഥികൾ സ്വയം വഹിക്കേണ്ടതാണ്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രസ്തുത ചെലവ് സ്കോളർഷിപ്പായി ഭദ്രാസനങ്ങൾക്ക് നൽകാവുന്നതാണ്.

**13. മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലി**

മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലിയുടെ ഒരുക്കത്തിനായി അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി തയ്യാറാക്കിയ "സുവിശേഷകയായ മലങ്കര സഭ" എന്ന പഠനരേഖ സുന്നഹദോസിൽ അവതരിപ്പിച്ചു. 2011 സെപ്തംബറിലെ പുനരൈക്യവാർഷികത്തോടുനുബന്ധിച്ച് പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലി കൂടുവാൻ തീരുമാനിച്ചു. പ്രസ്തുത അസംബ്ലി കാനോനികമായി വിളിച്ചുകൂട്ടുന്ന ഔദ്യോഗിക പ്രഖ്യാപനം പരിശുദ്ധ കാതോലിക്കാബാവാ ഉടൻ നടത്തുന്നതാണ്. അസംബ്ലിയുടെ നടത്തിപ്പിനായി അഭിവന്ദ്യ ജൂലിയോസ് തിരുമേനി ചെയർമാനായും അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ്, ഫീലിപ്പോസ് മാർ സ്തേഫാനോസ് എന്നിവർ വൈസ്ചെയർമാന്മാരായും ഫാ. ജോൺ വൈപ്പിൽ ജനറൽ സെക്രട്ടറിയായും ഒരു കോർകമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് ആവശ്യമായ സഹായികളെ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

സഭാതല അസംബ്ലിക്ക് മുമ്പായി 2011 ആഗസ്റ്റ് 15-ന് മുമ്പ് ഭദ്രാസന അസംബ്ലികൾ ഭദ്രാസനാദ്ധ്യക്ഷന്മാർ വിളിച്ചുകൂട്ടേണ്ടതാണ്. കോർകമ്മിറ്റി അംഗങ്ങൾ എല്ലാ ഭദ്രാസനങ്ങളും സന്ദർശിച്ച് ഭദ്രാസന അസംബ്ലികൾ പൊതു അസംബ്ലിയുടെ പ്രധാന പഠനവിഷയവുമായി ബന്ധപ്പെട്ട് നടത്തുവാനുള്ള മാർഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്. മലങ്കര അസംബ്ലി 2011 സെപ്തംബർ 21-ാം തീയതി വൈകിട്ട് 6 മണിമുതൽ 23-ാം തീയതി വൈകിട്ട് 4 മണിവരെ ആയിരിക്കും. തുടർന്ന് നമ്മുടെ സഭയുടെ 12-ാം എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂടുന്നതും അസംബ്ലിയുടെ നിർദ്ദേശങ്ങൾ ചർച്ചചെയ്യുന്നതും സഭയ്ക്ക് പൊതുവായുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതുമാണ്.

**14. 81-ാം പുനരൈക്യവാർഷികം**

മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ 81-ാം വാർഷികം 2011 സെപ്തംബർ 21-ാം തീയതി കാതോലിക്കേറ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടത്തുന്നതാണ്. ആഘോഷമായ പരിശുദ്ധ കുർബാനയ്ക്കുശേഷം കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയും പൊതുസമ്മേളനവും നടത്തുന്നതാണ്. വർഷംതോറും നടത്തിവരുന്ന എം.സി.വൈ.എം., എം.സി.എ. എന്നിവയുടെ ആഗോള സമ്മേളനങ്ങൾ സൗകര്യപ്രദമായി മറ്റുസമയങ്ങളിൽ അതതു സംഘടനകൾ ക്രമീകരിക്കേണ്ടതാണ്.

**15. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികൾ**

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ പുരോഗതി പരി. സുന്നഹദോസ് വിലയിരുത്തി. നാമകരണ നടപടികളുടെ ഇപ്പോഴത്തെ കാനോനിക അപേക്ഷകരായ സന്യാസസമൂഹങ്ങളോടെ ചേർന്ന് സഭമുഴുവനും ഇക്കാര്യത്തിൽ കാനോനികമായി പങ്കുചേരുന്നതിന് തീരുമാനിച്ചു. അതിന്റെ തുടർ നടപടികൾ പരി. ബാവാ തിരുമേനി നടത്തുന്നതാണ്.

**16. മാർത്താണ്ഡം ഭദ്രാസനാതിർത്തിക്കു പുറത്ത് വസിക്കുന്ന തമിഴ് സംസാരിക്കുന്ന മലങ്കര മക്കളുടെ അജപാലന ശുശ്രൂഷ**

മാർത്താണ്ഡം ഭദ്രാസനത്തിൽ നിന്നുള്ള ധാരാളം ആളുകൾ സാമ്പത്തിക കാരണങ്ങളാൽ തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് പ്രത്യേകിച്ച്, ചെന്നൈ, മധുരൈ എന്നിവിടങ്ങളിലേയ്ക്ക് മാറിപ്പാർക്കുന്നുണ്ട്. തമിഴ്നാടിന്റെ വിവിധ പ്രദേശങ്ങളിൽ മലങ്കര മക്കൾ താമസിക്കുന്ന സ്ഥലങ്ങളിൽ അവർക്ക് അജപാലന ശുശ്രൂഷ സംലഭ്യമാക്കാൻ ETRI അപ്പസ്തോലിക വിസിറ്റേറ്റർ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയോട് ചേർന്നുകൊണ്ട് വേണ്ടതെല്ലാം ചെയ്യുവാൻ മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയെ പരിശുദ്ധ സുന്നഹദോസ് ചുമതലപ്പെടുത്തി. ചെന്നൈയിൽ തമിഴ് സംസാരിക്കുന്ന മലങ്കര മക്കൾക്കുവേണ്ടി ഒരു പ്രത്യേക ഇടവക ഇപ്പോൾ നിലവിലിരിക്കുന്ന കാനോനിക അവസ്ഥയ്ക്ക് അനുയോജ്യമായി രൂപീകരിക്കുവാൻ പരി. സുന്നഹദോസ് നിർദ്ദേശിച്ചു. ചെന്നൈ-പാടി ഇടവകയ്ക്ക് പുതിയ ദൈവാലയം പണിയുമ്പോൾത്തന്നെ ഇതിനായും വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. മാർത്താണ്ഡം ഭദ്രാസനത്തിന്റെ വകയായി ചെന്നൈയിലുള്ള സ്ഥലത്തിൽനിന്ന് 15 സെന്റ് സ്ഥലം ഇപ്പോൾ ചെന്നൈ ഇടവകയ്ക്ക് നൽകിയിരിക്കുന്നത് ആവശ്യാനുസരണം പുനർ നിശ്ചയിക്കുകയും ബാക്കി വസ്തു മാർത്താണ്ഡം ഭദ്രാസനത്തിന്റെ സമ്പൂർണ ഉടമസ്ഥതയിൽ ആയിരിക്കേണ്ടതാണെന്നും പരി. സുന്നഹദോസ് തീരുമാനിച്ചു.

**17. അമേരിക്കയിലെ എക്സാർക്കേറ്റ്**

അമേരിക്കയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന എക്സാർക്കേറ്റിന്റെ അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനി എക്സാർക്കേറ്റിന്റെ ഇപ്പോഴത്തെ അജപാലന ശുശ്രൂഷയുടെ വിശദാംശങ്ങൾ രേഖാമൂലം അവതരിപ്പിച്ചു. അമേരിക്കൻ മെത്രാൻ സംഘത്തിൽ അഭിവന്ദ്യ തിരുമേനിക്കു ലഭിച്ച ഊഷ്മളമായ സ്വീകരണവും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു ലഭിച്ച അംഗീകാരവും പരി. സുന്നഹദോസുമായി പങ്കുവച്ചു. അമേരിക്കയിൽ ഇപ്പോഴുള്ള ബഹു. വൈദികരുടെ അജപാലന പങ്കാളിത്തം, അമേരിക്കൻ ലത്തീൻ സഭയുടെ ഇടവകകളിൽ പ്രവർത്തിക്കുന്ന ബഹു. വൈദികരും നമ്മുടെ സഭയുടെ ഇടവകകളുമായുള്ള ബന്ധം എന്നിവ പരി. സുന്നഹദോസ് വിലയിരുത്തി. അമേരിക്കയിൽ ജനിച്ചുവളർന്ന നാലു യുവാക്കളെ വൈദികവിദ്യാർത്ഥികളായി നമുക്ക് ലഭിച്ചിട്ടുണ്ടെന്നും തിരുമേനി അറിയിച്ചു. എക്സാർക്കേറ്റിൽ പ്രവർത്തിക്കുന്ന ബഹു. വൈദികരുടെ ശുശ്രൂഷാ കാലാവധി 3 വർഷമായി പരി. സുന്നഹദോസ്

ക്ലിപ്തപ്പെടുത്തി.

### 18. ETR outside India യിലെ അജപാലന പ്രവർത്തനങ്ങൾ

കാനഡ യൂറോപ്പ് എന്നീ പ്രദേശങ്ങളിലെ അജപാലന പ്രവർത്തനങ്ങൾ ആ പ്രദേശത്തേയ്ക്കുള്ള അപ്പസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനി പരി. സുന്നഹദോസിൽ അവതരിപ്പിച്ചു. ഐർലൻഡിൽ മലങ്കര കത്തോലിക്കാ സഭാമക്കളുടെ സംഖ്യ വർദ്ധിച്ചുവരുന്നതായി അഭിവന്ദ്യ പിതാവ് അറിയിച്ചു. ഇംഗ്ലണ്ടിലെ സഭാപ്രവർത്തനങ്ങൾ പുരോഗമിച്ചിട്ടുണ്ടെന്നും ഉടൻത്തന്നെ ഒരു പുതിയ കൂട്ടായ്മകൂടി ആരംഭിക്കുന്നതാണെന്നും അറിയിച്ചു.

ഇതിനോടനുബന്ധിച്ചു നടന്ന ചർച്ചയിൽ ഓസ്ട്രേലിയ, ന്യൂസിലൻഡ് സിംഗപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിലും അനുബന്ധ പ്രദേശങ്ങളിലുമുള്ള മലങ്കര കത്തോലിക്കരുടെ അജപാലന ശുശ്രൂഷ സംബന്ധിച്ച് പ്രാഥമിക പഠനം നടത്തേണ്ടതാണെന്ന് പരി. സുന്നഹദോസ് നിർദ്ദേശിച്ചു. ന്യൂസിലാൻഡിലെ മലങ്കര സമൂഹത്തെക്കുറിച്ച് പഠിക്കാൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയെയും ഓസ്ട്രേലിയ, സിംഗപ്പൂർ, മലേഷ്യ, എന്നീ രാജ്യങ്ങളിലെ മലങ്കര സമൂഹത്തെക്കുറിച്ച് പഠിക്കാൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയേയും പരി. ബാവാതിരുമേനി നിയമിച്ചു.

### 19. ETR in India യിലെ അജപാലന പ്രവർത്തനങ്ങൾ

42 ഇടവക കേന്ദ്രങ്ങളിലായി രാജ്യവ്യാപകമായി സ്ഥിതി ചെയ്യുന്ന ETRI മേഖലയിലെ സഭാശുശ്രൂഷകൾ പുരോഗമിക്കുന്നു. ജബൽപ്പൂരിൽ ഒരു പ്രാർത്ഥനായോഗവും, ഗുഡ്ഗാവിൽ ആഴ്ചയിലൊരിക്കൽ ഒരു വിശുദ്ധ കുർബാനയും പുതുതായി ആരംഭിച്ചിട്ടുണ്ട്. വിശ്വാസ പരിശീലന മേഖലയിൽ പുരോഗതി കൈവരിക്കുന്നുണ്ട്. ഡൽഹിയിൽ വച്ചുനടന്ന ETRI യുവജന കൺവെൻഷനിൽ 500-ലധികം യുവജനങ്ങൾ പങ്കെടുത്തു. ഇൻഡ്യയിലെ അപ്പസ്തോലിക നുൺഷിയോ ഉദ്ഘാടനം ചെയ്ത പ്രസ്തുത കൺവെൻഷൻ ഒരു വലിയ വിജയമായിരുന്നു. ഇൻഡ്യയുടെ വടക്കു-കിഴക്കൻ മേഖലയിലെ സുവിശേഷ പ്രഘോഷണ സാദ്ധ്യതകൾ ആരായേണ്ടതിന്റെ ആവശ്യകതയും എടുത്തുപറഞ്ഞു.

ETRI -ൽ പ്രവർത്തിക്കാൻ ബഹു. വൈദികരുടെ എണ്ണം വളരെ കുറവായതിനാൽ അജപാലന ശുശ്രൂഷയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളും വലുതാണ്. മുംബൈ-പൂണെ മേഖലയിൽ ബഥനി ആശ്രമത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളും ദൈവാലയങ്ങളും പരി. സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം വിട്ടുതരുന്നതും അതിന് ബഥനി ആശ്രമത്തിന് നൽകേണ്ട പണവും സംബന്ധിച്ച വിശദാംശങ്ങളും അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി പരിശുദ്ധ സുന്നഹദോസിനെ അറിയിച്ചു.

ETRI യുടെ കാനോനിക അവസ്ഥയെ സംബന്ധിച്ച് തിരുസിംഹാസനവുമായി രേഖാമൂലം വീണ്ടും ബന്ധപ്പെടാൻ തീരുമാനിച്ചു.

### 20. സഭാജീവിതത്തിലെ ശിക്ഷണക്രമം

ഇടവകകളുടെയും അല്മായരുടെയും സമർപ്പിതരുടെയും വൈദികരുടെയും ക്രൈസ്തവ ജീവിതത്തിനും വിശ്വാസത്തിനും സാക്ഷ്യത്തിനും ഹാനികരമാകുന്ന എല്ലാപ്രവണതകളെയും തിരിച്ചറിയുവാനും വിലയിരുത്തുവാനും ആവശ്യമായ സന്ദർഭങ്ങളിൽ ശിക്ഷണനടപടികൾ സ്വീകരിക്കുവാനുമുള്ള ഭദ്രാസനാദ്ധ്യക്ഷന്മാരുടെയും ബന്ധപ്പെട്ട മേലധികാരികളുടെയും കടമകളും അവകാശങ്ങളും പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് എടുത്തു പറയുകയും അവരെ അതിനായി ഉത്തേജിപ്പിക്കുകയും ചെയ്തു. പരി. സുന്നഹദോസ് നിയമപരമായി എടുക്കുന്ന തീരുമാനം എല്ലാവർക്കും ബാധകമാണ്. ഇത്തരുണത്തിൽ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രത്യേക ശ്രദ്ധയിൽ വന്ന ചില ഇടവകകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കാര്യത്തിൽ സഭാനിയമം അനുശാസിക്കുന്ന ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട അധികാരികളോട് പ്രത്യേകം നിർദ്ദേശിച്ചു.

### 21. വൈദിക സംഗമം

വൈദിക വർഷാചരണത്തോടനുബന്ധിച്ച് 2010 മാർച്ചുമാസത്തിൽ ക്രമീകരിച്ചിരുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ വൈദികരുടെ സംഗമം, ഭദ്രാസനരൂപീകരണം, മെത്രാഭിഷേകം തുടങ്ങിയ കാരണങ്ങളാൽ നടത്താൻ സാധിച്ചില്ല. പ്രസ്തുത സമ്മേളനം 2011 മാർച്ച് 1-2 തീയതികളിൽ തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**22. ഡയറക്ടറി പ്രസിദ്ധീകരണം**

2006-ൽ പ്രസിദ്ധീകരിച്ച ഡയറക്ടറിയുടെ പുതിയ പതിപ്പ് പ്രസിദ്ധീകരിക്കേണ്ട ആവശ്യകത പരി. സുന്നഹദോസ് ചർച്ച ചെയ്തു. 2011 ജനുവരി മാസത്തിൽത്തന്നെ പുതിയ ഡയറക്ടറി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.

**സമാപനം**

2010 ഡിസംബർ 2-ാം തീയതി രാവിലെ 11 മണിക്ക് ആയിരുന്നു പരി. സുന്നഹദോസിന്റെ സമാപന സെഷൻ. സമാപന സന്ദേശത്തിൽ പരി. കാതോലിക്കാബാവാ തിരുമേനി സുന്നഹദോസിൽ പങ്കെടുത്ത പിതാക്കന്മാർക്ക് എല്ലാവർക്കും നന്ദി അറിയിച്ചു. സുന്നഹദോസ് തിരുസന്നിധിയിൽ കൂടിയ സാഹചര്യത്തിൽ മേജർ ആർച്ചുബിഷപ്സ് ഹൗസിലെ എല്ലാ ഭാരവാഹികൾക്കും സഹായികൾക്കും പ്രത്യേകം നന്ദി പറഞ്ഞു. സഭാജീവിതത്തിൽ വ്യക്തികളെ തിരുത്തുമ്പോൾ കാരുണ്യവും ശിക്ഷണവും ഒരുപോലെ പോകുന്ന ഒരു സമീപനമായിരിക്കണം നമ്മുടേതെന്ന് പരി. സുന്നഹദോസ് അംഗങ്ങളെ ഓർമിപ്പിച്ചു. ഈ പരി. സുന്നഹദോസിലൂടെ സഭയ്ക്ക് ലഭിച്ച എല്ലാ പരിശുദ്ധാത്മ നൽവരങ്ങളും ആത്മീയ ദാനങ്ങളും പരിപോഷിപ്പിക്കാൻ പരി. കാതോലിക്കാബാവാ ആഹ്വാനം ചെയ്തു. പരി. അമ്മയോടുള്ള ഭക്തിയിൽ ജീവിക്കാനുള്ള മലങ്കര ആരാധനാക്രമപ്രകാരമുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും സാർവത്രികമായ ജപമാല പ്രാർത്ഥനയും പ്രോത്സാഹിപ്പിക്കുവാൻ പരി. കാതോലിക്കാബാവാ തിരുമേനി ഓർമിപ്പിച്ചു. പരി. അമ്മയോട് ചേർന്നുനിന്ന് പരിശുദ്ധാത്മ പ്രചോദനങ്ങൾക്ക് പ്രത്യുത്തരം നൽകാൻ ഈ പരി. സുന്നഹദോസ് ഏവരെയും സഹായിക്കട്ടെയെന്ന ആശംസയോടും പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ആർച്ചുബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിക്ക് ജൂബിലി മംഗളങ്ങൾ ആശംസിച്ചുകൊണ്ടും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 10-ാം സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പര്യവസാനിച്ചതായി പരി. കാതോലിക്കാബാവാ പ്രഖ്യാപിച്ചു.

സുന്നഹദോസ് സെക്രട്ടറി പരി. കാതോലിക്കാബാവായുടെ പ്രചോദനാത്മകമായ നേതൃത്വത്തിന് പ്രത്യേകം നന്ദി പറഞ്ഞു. അതോടൊപ്പം പരി. ബാവാതിരുമേനിയുടെ പൗരോഹിത്യ രജത ജൂബിലി വർഷമായതിനാൽ ജൂബിലമംഗളങ്ങൾ സുന്നഹദോസ് പിതാക്കന്മാരുടെ പേരിൽ അഭിവന്ദ്യ പിതാവ് ആശംസിച്ചു. മദ്ധ്യാഹ്ന നമസ്ക്കാരത്തോടെയും ഉച്ചഭക്ഷണത്തോടെയും സുന്നഹദോസ് സംബന്ധമായ എല്ലാ ചടങ്ങുകൾക്കും സമാപനമായി.

**✠ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
(സെക്രട്ടറി)

**കാതോലിക്കേറ്റ് സെന്റർ,**
**തിരുവനന്തപുരം-695 004**

**✠ തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി.**
(ചാൻസിലർ)

**3 ഡിസംബർ 2010**
**മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ**